പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4246 27/06/2013 ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.കെ. വിജയൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് നിയമപരമായ എല്ലാ രേഖകളും ഉണ്ടെന്ന് ഉറപ്പുവരുത്താൻ വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; | (എ) | സ്കൂൾ വാഹനങ്ങളുടെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് ഒരു സർക്കുലർ എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുണ്ട്. നിയമപരമായ രേഖകൾ ഉറപ്പാക്കുന്നതിന് നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും നൽകുകയും ഇത് സംബന്ധിച്ച് പോലീസിന്റെ സഹായത്തോടെ സ്കൂളുകളിൽ സമിതികൾ രൂപീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) ലൈസൻസ് ഇല്ലാത്ത അധ്യാപകർ സ്കൂൾ വാഹനം ഓടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഉണ്ടെങ്കിൽ, ഇതുമൂലമുണ്ടായ അപകടങ്ങൾ ഏതെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ? | (സി) | റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ